ഹയർസെക്കണ്ടറി വിദ്യാഭ്യാസ
ഡയറകട്റുടെ കാര്യാലയം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം–1

നംബർ. **ICT Cell/1771/HSE**/2017 07/07/2017

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ പ്രവേശനം–മാനേജ്മെൻറ് ക്വാട്ട/അൺ എയിഡഡ് ക്വാട്ട /അൺ എയിഡഡ് സ്കൂൾ പ്രവേശന വിവരങ്ങൾ കേന്ദ്രീകൃത രജിസ്ട്രിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഡാറ്റാ എൻട്രി നിർദ്ദേശങ്ങൾ**

സൂചന : 1) GO(Rt).No. 1236/2017/GEdn dated 03/05/2017

2) ഇതേ നമ്പറിൽ ജൂൺ 7,21 തീയതികളിലെ സർക്കുലറുകൾ

എയിഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ മാനേജ്മെൻറ് ക്വാട്ടയിലും അൺഎയിഡഡ് ബാച്ചുകളിലും അൺഎയിഡഡ്/ടെക്നിക്കൽ/റെസിഡൻഷ്യൽ സ്കൂളുകളിലെയും ഗൾഫിലും ലക്ഷദ്വീപിലും മാഹിയിലുമുള്ള സ്കൂളുകളിലും പ്ലസ് വൺ പ്രവേശനം സൂചന 1 പ്രോസ്പക്ടസിൽ പ്രതിപാദിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ച് നിർദ്ദിഷ്ഠ ഷെഡ്യൂൾ പ്രകാരം നിർവഹിക്കാൻ എല്ലാ പ്രിൻസിപ്പൽമാരും ശ്രദ്ധിക്കേണ്ടതാണ്. 2017–18 അധ്യയന വർഷം പ്ലസ്‌വൺ പ്രവേശനം തേടിയ എല്ലാ വിദ്യാർത്ഥികളുടേയും വിവരങ്ങൾ കേന്ദ്രീകൃത അഡ്മിഷൻ രജിസ്ട്രിയിൽ സമയബന്ധിതമായിഉൾപ്പെടുത്തേണ്ടത് അതത് പ്രിൻസിപ്പൽമാരുടെ ഉത്തരാവാദിത്തമാണ്.

2017–18 അധ്യയന വർഷം ഒന്നാം വർഷ പ്രവേശനത്തിനായി സീറ്റുകളുടെ ആവശ്യകത പ്രാദേശികമായി നിർണ്ണയിക്കുന്നതിൻെറ ഭാഗമായി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വിവിധ ക്വാട്ടകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥി വിവരങ്ങൾ ക്രോഡീകരിക്കുന്ന പ്രവർത്തനങ്ങൾ ഡയറക്ടറേറ്റിൽ പുരോഗമിച്ചുവരികയാണ്. ആയതിനാൽ **ജൂലൈ 10 വരെ സ്കൂൾതലത്തിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ പ്രവർത്തനങ്ങൾ ജൂലൈ 10 ന് വൈകിട്ട് 5 മണിക്കുള്ളിൽ തന്നെ പൂർത്തീകരിക്കാൻ പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

**ഡയറക്ടർ–ഇൻ–ചാർജ്**